**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1986** **01-09-2022 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിലെ ജീവനക്കാരുടെ താല്ക്കാലിക പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിൽ സി.എസ്.ഐ.ആർ./യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന അഞ്ച് ജീവനക്കാർക്ക് സർക്കാരിന്റെ അനുമതിയില്ലാതെ പ്രൊമോഷൻ നൽകിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ചട്ട വിരുദ്ധമായി പ്രൊമോഷൻ അനുവദിച്ച് നൽകിയത് വകുപ്പുതല പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ; | (എ) | സി-ഡിറ്റ് സർവീസ് റൂൾസ് പ്രകാരം പ്രൊമോഷനുകൾ നടത്താൻ സർക്കാർ അനുമതി ആവശ്യമില്ല. |
| (ബി) | സർക്കാരിന്റെ പരിഗണയിൽ ഇരിക്കുന്ന വിഷയത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കുവാൻ സി-ഡിറ്റ് രജിസ്ട്രാറിനോ ഡയറക്ടർക്കോ ചട്ടപ്രകാരം അധികാരം അനുവദിച്ച് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | സി-ഡിറ്റ് സർവീസ് റൂൾസ് പ്രകാരം പ്രൊമോഷനുകൾ നടത്താൻ സർക്കാർ അനുമതി ആവശ്യമില്ല. |
| (സി) | ഈ അഞ്ച് ജീവനക്കാർക്ക് നിലവിലെ സി.എസ്.ഐ.ആർ. നിബന്ധനകൾ പ്രകാരം പ്രൊമോഷൻ നൽകുവാൻ കഴിയില്ലായെന്ന ഇവാല്യുവേഷൻ കമ്മിറ്റിയുടെ മിനിറ്റ്സ് നിലനിൽക്കെ ഇവർക്ക് താല്ക്കാലികമായി പ്രൊമോഷൻ അനുവദിച്ച് നൽകിയത് ഏതു സർവീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | 26/02/2019, 11/05/2019 തീയതികളിൽ നടന്ന സി-ഡിറ്റ് അസ്സസ്മന്റ് പ്രൊമോഷൻ കമ്മിറ്റി മിനിറ്റ്സ് പ്രകാരം ഇത്തരമൊരു തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | സർക്കാർ സർവീസ് ചട്ടപ്രകാരമോ സി-ഡിറ്റിലെ സർവീസ് ചട്ടപ്രകാരമോ ജീവനക്കാർക്ക് താല്ക്കാലികമായി പ്രൊമോഷനും അനുബന്ധ സാമ്പത്തിക ആനുകൂല്യങ്ങളും അനുവദിച്ച് നൽകുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | സി-ഡിറ്റ് സർവ്വീസ് റൂൾസ് പ്രകാരമാണ് റഗുലർ/ അസ്സസ്മെന്റ് പ്രൊമോഷൻ എന്നിവ നൽകുന്നത്. |
| (ഇ) | സി-ഡിറ്റിലെ സി.എസ്.ഐ.ആർ./യു.ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന ജീവനക്കാർക്ക് ആർജിത അവധിയുടെ വാർഷിക സറണ്ടർ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ സി-ഡിറ്റ് | (ഇ) | ഉണ്ട്. സി-ഡിറ്റ് സർവ്വീസ് റൂൾസ് 4.16 പ്രകാരം എല്ലാ സി-ഡിറ്റ് ജീവനക്കാർക്കും ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്. എന്നാൽ സറണ്ടർ ചെയ്യാവുന്ന പരമാവധി ആർജ്ജിതാവധി 240 ദിവസമായി |

| | | | |
|---|---|---|---|
| | സർവീസ് റൂൾസിൽ അക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും എന്ന് മുതലാണ് ഇത് ഉത്തരവായി പ്രാബല്യത്തിൽ വന്നെതെന്നും വ്യക്തമാക്കാമോ? | | നിജപ്പെടുത്തിയിരുന്നത് 16.06.2020 ലെ സ.ഉ. (കൈ) നം 15/2020/വി.സ.വ പ്രകാരം പരിധിയും ചട്ടങ്ങളും,അതാത് കാലങ്ങളിൽ സർക്കാർ ജീവനക്കാർക്കു നിശ്ചയിക്കുന്നതിനു സമാനമായിരിക്കുമെന്ന് സി.ഡിറ്റ് സർവ്വീസ് റൂൾസിൽ ഭേദഗതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ